# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2006 — 22.03.2012 -ൽ മറുപടിയ്ക്ക്

### അന്യസംസ്ഥാന ചിട്ടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.ബേബി | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അന്യസംസ്ഥാന ചിട്ടികളുടെ നടത്തിപ്പിന് നിയമപരമായ രജിസ്ട്രേഷൻ നേടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ അന്യസംസ്ഥാന ചിട്ടികളും വ്യാജചിട്ടികളും ജനങ്ങളെ കബളിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയും സംസ്ഥാനത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന ചിട്ടികളുടെ കാര്യത്തിൽ 1975 ലെ കേരള ചിട്ടീസ് ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരാതൃത്തി (jurisdiction) ഇല്ലാത്തതുമൂലം ചിട്ടി വരിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാകാത്ത പ്രശ്നം പരിഹരിക്കുന്നതിനായി 2002 ലെ കേരള ഫിനാൻസ് ആക്ടിലൂടെ 1975 ലെ കേരളാ ചിട്ടീസ് ആക്ടിന് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി മുഖേന കൂട്ടിച്ചേർത്ത 4(1എ) വകുപ്പ് പ്രകാരം അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ചിട്ടിയുടെ 20ശതമാനത്തിലധികം വരിക്കാർ കേരളസംസ്ഥാനത്ത് താമസിക്കുന്നവരാണെങ്കിൽ അത്തരം ചിട്ടികളുടെ ഫോർമാൻമാർ സംസ്ഥാനത്ത് ഒരു ബ്രാഞ്ച് |

(.....2)

തുടങ്ങുകയും ചിട്ടിക്ക് സർക്കാരിന്റെ അനുമതിയും രജിസ്ട്രേഷനും നേടുകയും വേണം. എന്നാൽ കേരളാ ഹൈക്കോടതിയിൽ ചിട്ടി ഫോർമാൻമാർ ഫയൽ ചെയ്ത WA 500/04 മുതലായ കേസുകളിലെ 31.05.05 ലെ വിധിന്യായത്തിൽ ഹൈക്കോടതി 4(1എ) വകുപ്പ് ഭരണഘടനാ വിരുദ്ധമെന്ന് കണ്ട് അസാധുവായി പ്രഖ്യാപിച്ചു. ഹൈക്കോടതി വിധിയ്ക്കെതിരെ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത സിവിൽ അപ്പീലുകൾ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്.

അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടികൾ കേരളാ ചിട്ടീസ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ